**പതിമൂന്നാം കേരളനിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1871**

**17.06.2013 -ലെ മറുപടിക്ക്**

## കണ്ടലി സതീർത്ഥ്യന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകമുറികൾ തകർത്ത സംഭവം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ബി.ഡി. ദേവസ്സി** | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>**(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ടൗണിൽ കണ്ടലി സതീർത്ഥ്യന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ 11 കടമുറികൾ 29.05.2013 ന് പുലർച്ചെ രണ്ട് ജെ. സി. ബി., രണ്ട് ഹിറ്റാച്ചി എന്നിവ ഉപയോഗിച്ച് പൂർണ്ണമായും തകർത്തതും, ഇതറിഞ്ഞുവന്ന പ്രിയ ബേക്കറി ഉടമ ആൽജോയെ അക്രമിസംഘം തോക്ക്, വടിവാൾ എന്നിവ ചൂണ്ടി ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കട തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ബേക്കറി ഉടമ ആൽജോയെ തോക്ക്, വടിവാൾ എന്നിവ കാണിച്ച് ഭീഷണിപ്പെടുത്തിയ സംഭവം ശ്രദ്ധിൽപ്പെട്ടിട്ടില്ല. അക്രമി സംഘം കത്തി പോലുള്ള ആയുധം കാണിച്ച് ഭീഷണിപ്പെടുത്തി എന്നാണ് ടിയാൻ കൊടകര പോലീസ് സ്റ്റേഷനിൽ മൊഴി നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കൊടകര പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 881/13 U/s 341, 447, 427, 506 (II) 120(b), 34 IPC 3(I) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രസ്തുത സംഭവത്തിൽ പ്രതികൾ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ വാഹനങ്ങൾ പിടിച്ചെടുക്കുകയോ ചെയ്തിട്ടുണ്ടോ; | (ബി) പ്രസ്തുത സംഭവത്തിലെ പ്രതികളായ സതീർത്ഥ്യനും, സനീഷും മറ്റ് കണ്ടാലറിയാവുന്ന 4 പേരും ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. വാഹനങ്ങൾ പിടിച്ചെടുത്തിട്ടില്ല. |

(സി) ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

(സി) പ്രതികളെ പിടികൂടുന്നതിനും, വാഹനങ്ങൾ കണ്ടെത്തുന്നതിനുമുള്ള ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ